പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ സീനിയർ കൺസൾട്ടന്റ് തസ്തിക

60 (8120) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പൊന്നാനി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സീനിയർ കൺസൾട്ടന്റ് (ഫിസിഷ്യൻ) തസ്തിക എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നു എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത തസ്തികയിൽ ജോലി ചെയ്തിരുന്ന ഡോക്ടർ ഏത് തരത്തിലുള്ള ലീവാണ് എടുത്തിട്ടുള്ളത് ;

(സി) ഇവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ ; ഇല്ലെങ്കിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ തീയതി വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് പുതിയ ആളെ നിയമിക്കുന്നതിന് നിയമ തടസ്സമുണ്ടോ ;

(ഇ) ഇല്ലായെങ്കിൽ അടിയന്തരമായി ആളെ നിയമിക്കാമോ ?

ഉത്തരം

(എ) പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ സീനിയർ കൺസൾട്ടന്റ് (ഫിസിഷ്യൻ) തസ്തിക നിലവിലില്ല.

(ബി) പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കൺസൾട്ടന്റിന്റെ (ഫിസിഷ്യൻ) തസ്തികയാണ് നിലവിലുള്ളത്. പ്രസ്തുത തസ്തികയിലുള്ള ഡോക്ടർ 13-3-2011 മുതൽ 12-6-2011 വരെ ആർജ്ജിതാവധിക്ക് അപേക്ഷിച്ചിരുന്നു. പ്രസ്തുത ലീവ് അനുവദിക്കാതെ ജില്ലാ മെഡിക്കൽ ഓഫീസർ തിരിച്ചയച്ചിട്ടുണ്ട്.

(സി) ടി ഡോക്ടർ 13-3-2011 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയാണ്.

(ഡി) ഇല്ല.

(ഇ) പ്രസ്തുത ഒഴിവിലേക്ക് കൺസൾട്ടന്റിനെ നിയമിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly